# നാളികേര കർഷകർക്ക് പ്രതീക്ഷയേകി നീര ചെത്ത് തുടങ്ങി



നീര ചെത്താനുള്ള ഉപകരണങ്ങൾ എം.ജെ. വർക്കി നൽകുന്നു

മാനന്തവാടി: നീര ഉത്പാദനത്തിനും വിതരണത്തിനും സർക്കാർ അനുമതി നൽകിയതോടെ മാനന്തവാടിയിൽ നീര ചെത്ത് തുടങ്ങി. ജില്ലയിലെ ആദ്യ സംരംഭമാണിത്.

മാനന്തവാടി ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസാണ് സംരഭത്തിനു തുടക്കം കുറിച്ചത്. നാളികേര വികസന ബോർഡിന്റെ കീഴിലാണ് പദ്ധതി തുടങ്ങിയത്.

താന്നിക്കൽ, കൊയിലേരി, മുദ്രമൂല, പുതിയിടം, ആറാട്ടുതറ, ശാന്തിനഗർ, കാടൻകൊല്ലി, മുട്ടങ്കര, കവണക്കുന്ന്, അമ്പുകുത്തി എന്നീ ഉത്പാദക സംഘങ്ങൾ ഈ സൊസൈറ്റിക്കു കീഴിലാണു പ്രവർത്തിക്കുന്നത്. വനംവകുപ്പിൽ നിന്ന് നീര ചെത്തുന്നതിനുള്ള അനുമതി വാങ്ങിയ സൊസൈറ്റി മൂന്നു പേരടങ്ങുന്ന സംഘത്തെ പരിശീലനത്തിനായി പെരുമ്പാവൂർ വാഴക്കുളത്തേക്ക് അയച്ചിരുന്നു.

വിദഗ്ധ പരിശീലനം നേടിയ ഇവർ ഇനി മറ്റുള്ളവർക്ക് പരിശീലനം നൽകും. പഞ്ചായത്തിലെ 10-ാം വാർഡായ താന്നിക്കലിലാണ് നീര ചെത്തു തുടങ്ങിയത്.

മാനന്തവാടി ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസ് പ്രസിഡന്റ് നീര ചെത്താൻ പരിശീലനം തേടുന്നവർക്ക് ഉപകരണങ്ങൾ കൈമാറി. ജോസഫ് മുളക്കൽ, ഇ.എ. ദേവസ്യ, പടിയറ മാത്യു, ജോൺ കവിയിൽ, കുര്യാക്കോസ്, എട്ടിൽ ഉണ്ണി, കെ.യു. ഡൊമിനിക്, ജസ്റ്റിൻ, ബെന്നി എന്നിവർ സംസാരിച്ചു. കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് ചീഫ് ടെക്നീഷ്യൻ കെ. ഉദുല പരിപാടിയിൽ പങ്കെടുത്തു.

നഷ്ടത്തിന്റെ കണക്കുപറഞ്ഞ് തെങ്ങുകൃഷി ഉപേക്ഷിക്കുന്നവർക്കു പ്രതീക്ഷ കൂടിയാണ് നീര ചെത്ത്. തെങ്ങിൻ തോട്ടം പരിരക്ഷിക്കുന്നതിനും തെങ്ങുകൃഷി വർധിപ്പിക്കുന്നതിനുമായി സംഘങ്ങൾക്ക് കാർഷിക ഉപകരണങ്ങൾ അനുവദിക്കണമെന്ന ആവശ്യവുമുയരുന്നുണ്ട്.